കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾ നടപ്പിലാക്കിയതുമൂലമുള്ള ബുദ്ധിമുട്ടുകൾ

162 (1920) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾ എല്ലാ പഞ്ചായത്തിലും നടപ്പിലാക്കിയതുവഴി പൊതുജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ :

(ബി) വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം പ്രസ്തുത ചട്ടങ്ങൾ ശരിയാംവിധം നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും ഉള്ളതുപോലെ പഞ്ചായത്തുകളിലും ബിൽഡിംഗ് ഇൻസ്പെക്ടർ എന്ന തസ്തിക സൃഷ്ടിച്ച് ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. പഞ്ചായത്തുകളിൽ സാധാരണ റോഡുകൾക്ക് വീതി കുറവായതിനാൽ വലിയ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായും നിലം നികത്ത് പറമ്പുകളിൽ നിർമ്മാണാനുമതി ലഭിക്കുന്നതിന് തടസ്സം നേരിടുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മറ്റ് പൊതുമരാമത്ത് ജോലികളോടൊപ്പം കെട്ടിട നിർമ്മാണാനുമതി നൽകുന്നത് കൂടി ആയപ്പോൾ ജോലി ഭാരം കൂടിയത് കാരണം പെർമിറ്റ് നൽകുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പഞ്ചായത്തുകളിൽ ബാധകമാക്കിയതിനെ തുടർന്ന് കെട്ടിടനിർമ്മാണ അപേക്ഷകൾ പരിശോധിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതും പൂർത്തിയായതുമായ കെട്ടിടങ്ങളെ സംബന്ധിച്ച് എടുക്കേണ്ട നടപടി ക്രമങ്ങളെക്കുറിച്ചും സർക്കാർ വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭിക്കുന്ന കെട്ടിട നിർമ്മാണാനുമതി അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുന്നതിന് ഉദ്യോഗസ്ഥതലത്തിൽ സമയപരിധി നിശ്ചയിച്ച് സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly